പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1399 — 06.02.2020-ൽ മറുപടിക്ക്

**കടലിന്റെ അവകാശം മത്സ്യത്തൊഴിലാളികൾക്ക് നൽകാനുള്ള പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.കെ. രാജൻ<br>,, വി.ആർ. സുനിൽ കുമാർ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | ഭൂപരിഷ്കരണ നിയമം കൊണ്ടുവന്ന് കൃഷിഭൂമി കൃഷിക്കാർക്ക് വിതരണം ചെയ്ത പോലെ കടലിന്റെ അവകാശം കടലിൽ മീൻപിടിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തുന്ന സമഗ്ര പരിഷ്കരണ നിയമം നടപ്പിലാക്കുമോയെന്ന് അറിയിക്കാമോ; | (എ & ബി) | കടൽ മത്സ്യവിഭവങ്ങളുടെ മേൽ മത്സ്യത്തൊഴിലാളികൾക്ക് ഉടമസ്ഥാവകാശവും കടപ്പുറത്ത് വീട് വച്ച് താമസിക്കുന്നതിനും, കടലിൽ നിന്ന് മീൻ പിടിച്ച് ജീവിക്കുന്നതിനും മത്സ്യബന്ധനോപകരണങ്ങളുടെ ഉടമസ്ഥാവകാശവും പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ ആദ്യ വില്പനാവകാശവും മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി ഉറപ്പു വരുത്തുന്നതിനും ലക്ഷ്യമിടുന്ന രീതിയിൽ മത്സ്യത്തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനായി ഭരണ ഘടനയ്ക്കുള്ളിൽ നിന്നുകൊണ്ട് ഒരു പുതിയ നിയമം ആവിഷ്കരിക്കുന്നതിന് 'മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ നിയമത്തിന്റെ' കരട് തയ്യാറാക്കുന്നതിനായി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി നിയമത്തിന്റെ കരട് രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| (ബി) | കടലിലെ മത്സ്യവിഭവങ്ങളുടെ ഉടമാവകാശം, മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമാവകാശം, കടലിലേക്കുള്ള പ്രവേശനാധികാരം എന്നിവ മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ടുള്ള നിയമനിർമ്മാണമായിരിക്കുമോ അതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | കടലിൽ നിന്ന് പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ ആദ്യ വില്പന അവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ